പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 16, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I ശ്രദ്ധ ക്ഷണിക്കൽ

(1) മുണ്ടംവേലി ഭവന സമുച്ചയ നിർമ്മാണത്തിലെ അപാകത

ശ്രീ. മുഹമ്മദ് ഷിയാസ്: ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മുണ്ടംവേലിയിൽ നിർമ്മിച്ച ഭവന സമുച്ചയത്തിൽ താമസിക്കുന്ന പി. ആൻഡ് ടി. കോളനി നിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. 2018-ൽ ജി.സി.ഡി.എ.-യുടെ മേൽനോട്ടത്തിൽ തീരദേശത്തിന് അനുയോജ്യമല്ലാത്ത സാമഗ്രികൾ ഉപയോഗിച്ചും ഹൈ ടെൻഷൻ വൈദ്യുത ലൈനുമായുള്ള ദൂരപരിധി പാലിക്കാതെയും ലിഫ്റ്റ് സൗകര്യമില്ലാതെയും ക്രമവിരുദ്ധമായാണ് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത്. സ്റ്റീൽ പില്ലറുകളും മേൽക്കൂരയും തുരുമ്പെടുത്ത് ജീർണ്ണാവസ്ഥയിലായ കെട്ടിടം താമസയോഗ്യമാക്കുന്നതിന് 28 കോടി രൂപയുടെ പുനർനിർമ്മാണം ആവശ്യമാണെന്ന് പഠന റിപ്പോർട്ടുമുണ്ട്. അപകടാവസ്ഥയിലുള്ള മുണ്ടംവേലി ഭവന സമുച്ചയത്തിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാനും ക്രമക്കേടിനുത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും ഉത്തമോദാഹരണമാണ് മുണ്ടംവേലി ഭവന സമുച്ചയം. പല തവണ നിർദ്ദേശം നൽകിയിട്ടും അറ്റകുറ്റപ്പണികൾ നടത്താൻ തയ്യാറാകാത്ത തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ടെർമിനേറ്റ് ചെയ്തെങ്കിലും നിർമ്മാണവുമായി ബന്ധപ്പെട്ട

നഷ്ടം സംബന്ധിച്ച് തുടരന്വേഷണം ഉണ്ടായിട്ടില്ല. കെട്ടിട പുനരുദ്ധാരണത്തിനായി തേർഡ് പാർട്ടി ക്വാളിറ്റി മോണിറ്ററിങ് ഏജൻസിയും ഐ.ഐ.ടി. മദ്രാസും സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് പ്രായോഗിക പരിഹാര മാർഗങ്ങൾ കണ്ടെത്താനും ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ജി.സി.ഡി.എ. സൂപ്രണ്ടിങ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുണ്ടംവേലി ഭവന സമുച്ചയത്തിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭവന സമുച്ചയ നിർമ്മാണത്തിലെ അഴിമതികളും അപാകതകളും സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(2) സ്വകാര്യ ബസ്സ് മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. കെ. അക്ബർ: ഇന്ദിരാ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പിലാക്കിയതിലൂടെ യാത്രക്കാരുടെ എണ്ണത്തിലുണ്ടായ കുറവുകാരണം സ്വകാര്യ ബസ്സ് മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. ബസ്സുടമകളും തൊഴിലാളികളുമടക്കം അറുപതിനായിരത്തോളം കുടുംബങ്ങളാണ് സ്വകാര്യ ബസ് മേഖലയെ ഉപജീവനത്തിനായി ആശ്രയിക്കുന്നത്. സർക്കാരിന്റെ അശാസ്ത്രീയമായ നയപരിഷ്കരണംമൂലം തൊഴിൽ നഷ്ടവും സാമ്പത്തികനഷ്ടവും നേരിടുകയാണ്. സ്വകാര്യ ബസ് ഓപ്പറേറ്റർമാർ മുന്നോട്ടുവച്ച നിർദേശങ്ങൾ അംഗീകരിച്ച് ഈ മേഖലയിലെ പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കണ്ടെത്തണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ഇന്ദിരാ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കുന്നതിനുമുമ്പുതന്നെ സ്വകാര്യ ബസ്സുകളുടെ എണ്ണത്തിൽ 28 ശതമാനം കുറവുണ്ടായിട്ടുണ്ട്. പൊതുഗതാഗത മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റേജ് കാര്യേജ് ബസ്സുകളുടെ ത്രൈമാസ നികുതിയിൽ 50 ശതമാനം കുറവ് വരുത്തിയത്. ഗ്രാമപ്രദേശങ്ങളിൽ സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ വ്യവസ്ഥകൾക്ക് വിധേയമായി ലീസിനെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ ബസ് ഓപ്പറേറ്റർമാർ മുന്നോട്ടുവച്ച നിർദേശങ്ങൾ പരിശോധിച്ച് പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

II സബ്മിഷൻ

1) പാർവതി-പുത്തനാർ വികസനത്തിനും വർക്കല മേഖലയിലെ പുനരധിവാസത്തിനും ഫണ്ട് അനുവദിക്കൽ

ശ്രീ. വി. ജോയി: പാർവതി-പുത്തനാർ ജലഗതാഗത പാതയെ "മിഷൻ സമുദ്ര" പദ്ധതിയിലുൾപ്പെടുത്തി വിപുലീകരിച്ച് റിവർ ടൂറിസം പരിപോഷിപ്പിക്കുന്നതിനും വർക്കല ജലഗതാഗത പാതയുടെ വശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും ചിലക്കൂർ ടണലിന്റെ മാതൃകയിൽ ശിവഗിരി ടണലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി സർവീസ് ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പാർവതി-പുത്തനാർ നവീകരിക്കുന്നതിന്റെ ഭാഗമായി വർക്കലയിൽ 389-ഉം കഠിനംകുളത്ത് 189-ഉം തിരുവനന്തപുരത്ത് 296-ഉം കുടുംബങ്ങൾക്കായി പുനരധിവാസത്തിന് 116 കോടി രൂപയുടെ പാക്കേജ് അനുവദിച്ചിട്ടുണ്ട്. ചിലക്കൂർ, ശിവഗിരി ടണലുകളിലെ ചെളി നീക്കംചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ചിലക്കൂർ ടണലിന്റെ അറ്റകുറ്റപ്പണികളും കനാലിന്റെ നവീകരണവും 'കനാലിന്റെ സൗന്ദര്യവൽകരണം' പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഫുട് ഓവർബ്രിഡ്ജ്, ചരിവുതലത്തിൽ ഭ്രവസ്തൂം സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ 2027 മാർച്ച് മാസത്തോടെ പൂർത്തിയാകും. ഒന്നാംപാലം മുതൽ താഴെവെട്ടൂർ വരെയുള്ള ഭാഗം ഗതാഗതയോഗ്യമാണ്. വള്ളക്കടവ് മുതൽ രാമന്തളി വരെയുള്ള ഭാഗത്തെ പ്രവൃത്തികളിൽ പുരോഗതിയില്ലാത്തതിനാൽ കരാറുകാരനെ ഒഴിവാക്കി പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നടയറ മുതൽ നടയറകായൽ വരെയുള്ള പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കി പുനഃക്രമീകരിക്കുന്നതാണ്. പാർവതി-പുത്തനാറിനെ മിഷൻ സമുദ്ര പദ്ധതിയിലുൾപ്പെടുത്തി മികച്ച ബോട്ടിങ് സൗകര്യങ്ങളുള്ള പ്രധാന ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(2) നാഷണൽ ഹൈവേ-66 പുനർനിർമ്മാണം

ശ്രീ. ജി. സുധാകരൻ: നാഷണൽ ഹൈവേ-66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ കളർകോട് മുതൽ തോട്ടപ്പള്ളി സ്പിൽവേയുടെ വടക്കുഭാഗം വരെയുള്ള 16 കിലോമീറ്റർ ഭാഗത്ത് ഫ്ലൈഓവർ നിർമ്മിക്കുന്നതിനും ദേശീയപാത നിർമ്മാണങ്ങളിലെ അപാകതകൾ

സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): കേരളത്തിലെ ദേശീയപാത 66-ന്റെ നിർമ്മാണ ചുമതല ദേശീയപാത അതോറിറ്റിക്കാണ്. കളർകോട് മുതൽ തോട്ടപ്പള്ളി സ്പിൽവേയുടെ വടക്കുഭാഗം വരെയുള്ള 16 കിലോമീറ്റർ പാതയുടെ നിർമ്മാണം ഭൂരിഭാഗവും പൂർത്തിയായതിനാൽ എലിവേറ്റഡ് ഹൈവേയാക്കി മാറ്റുന്നത് പ്രായോഗികമല്ല. നാഷണൽ ഹൈവേ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് അന്വേഷണം നടത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) ചിറ്റൂർ താലൂക്കിലെ ആൾക്കൂട്ട കൊലപാതകം

ശ്രീ. സുമേഷ് അച്യുതൻ: ചിറ്റൂർ താലൂക്കിൽ അജ്ഞാതൻ ആൾക്കൂട്ട മർദനത്തിലൂടെ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച് കൃത്യമായ രീതിയിൽ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 2026 ഒക്ടോബർ 11-ന് പാലക്കാട് മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ മൂലത്തറ ഡാമിന് സമീപം അജ്ഞാതനായ ഒരാളെ മരിച്ച നിലയിൽ കണ്ടെത്തുകയുണ്ടായി. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും സി.സി.ടി.വി. ദൃശ്യങ്ങളുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ഏഴ് പ്രതികളെ അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 10 അംഗ പ്രത്യേക അന്വേഷണ സംഘം ഇതുസംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. മരണപ്പെട്ടയാൾ ആരാണെന്ന് തിരിച്ചറിയുന്നതിനായി തമിഴ്നാട് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായം തേടിയിട്ടുണ്ട്.

(4) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കൽ

ശ്രീ. ദീപക് ജോയ്: തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലെ അറ്റൻഡന്റ് ഗ്രേഡ് II, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) തസ്തികയിലെ ഒഴിവ് പ്ലേസ്മെന്റ് മുഖേന നികത്തുന്നതാണ്. ആശുപത്രിയുടെ ഭരണപരമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് പിഴല കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെഡ് ക്ലാർക്ക് തസ്തിക തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ തൃപ്പൂണിത്തുറ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അധിക ഡോക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങളും രോഗികളുടെ എണ്ണവും ജീവനക്കാരുടെ ലഭ്യതയും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) സർക്കാർ ആശുപത്രികളിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ സേവനം

ശ്രീ. നാട്ടകം സുരേഷ്: ജില്ലാ, ജനറൽ/താലൂക്ക് ആശുപത്രികളിലെ കാഷ്വാൽറ്റികളിൽ രോഗികളുടെ എണ്ണത്തിനാനുപാതികമായി ഓരോ ഷിഫ്റ്റിലും രണ്ട് മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർക്കാർ ആശുപത്രികളിലെ കാഷ്വാൽറ്റി വിഭാഗങ്ങളിൽ മുഴുവൻ സമയവും അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനും രോഗികളുടെയും ആരോഗ്യപ്രവർത്തകരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി 141 പ്രധാന ആശുപത്രികളിലായി 510 കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(6) കാരപ്പറമ്പ്-ബാലുശ്ശേരി റോഡ് വീതി കൂട്ടൽ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ അശാസ്ത്രീയ വൈഡനിങ്മൂലം ഗതാഗത പ്രശ്നങ്ങൾ സങ്കീർണ്ണമാകുമെന്നതിനാൽ കക്കോടി പാലം മുതൽ ബാലുശ്ശേരിവരെയുള്ള 18 മീറ്റർ വൈഡനിങ് നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ വികസനത്തിന് എസ്.പി.വി. ആയി ചുമതലപ്പെടുത്തിയ 'റിക്ക്' ലിമിറ്റഡിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം കാരപ്പറമ്പ് മുതൽ കക്കോടി പാലം വരെയുള്ള റോഡിന്റെ ആദ്യഭാഗം നാലുവരി

പാതയായി മിനിമം റൈറ്റ് ഓഫ് വേ 18 മീറ്റർ ആയും കക്കോടി പാലം മുതൽ ബാലുശ്ശേരി വരെയുള്ള രണ്ടാമത്തെ ഭാഗം മിനിമം റൈറ്റ് ഓഫ് വേ 12 മീറ്റർ ആയും വികസിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ലാൻഡ് അക്വിസിഷനായി കിഫ്ബി കാര്യാലയത്തിന് 152.6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ രണ്ടാമത്തെ ഭാഗം 12 മീറ്ററിൽ കൂടുതൽ വികസിപ്പിക്കാനാകുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) കുന്ദമംഗലം ആസ്ഥാനമായി പുതിയ താലൂക്ക്

ശ്രീ. എം. എ. റസാഖ് മാസ്റ്റർ: കോഴിക്കോട്-താമരശ്ശേരി താലൂക്കുകൾ പുന:ക്രമീകരിച്ച് കുന്ദമംഗലം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സെൻസസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ കുന്ദമംഗലം ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) ഫിഷിങ് ഹാർബർ നിർമ്മാണം

ശ്രീ. കെ. കെ. വത്സരാജ്: കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ കമ്പനിക്കടവിൽ ഫിഷിങ് ഹാർബർ യാഥാർഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): നിർത്തിവച്ചിരുന്ന കയ്പമംഗലം മിനി ഫിഷിങ് ഹാർബറിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് മാതൃകാപഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ CWPRS-ന്റെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് മുഖേന തയ്യാറാക്കുന്നതാണ്.

III റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും)

ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും.

(2) സബ്ജക്ട് കമ്മിറ്റി-V-ന്റെ 2026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.

IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബിൽ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: 2026-ലെ കേരള മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയരായ ജനവിഭാഗങ്ങളുടെ ആജീവനാന്ത സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയ വ്യക്തികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള ബില്ലിന്റെ ഉദ്ദേശ്യശുദ്ധി സ്വാഗതാർഹമാണ്. 'മാനസിക വെല്ലുവിളി' എന്ന വാക്കിന്റെ നിർവചനത്തിൽ കൂടുതൽ വ്യക്തത ആവശ്യമാണ്. ഈ വിഭാഗക്കാരുടെ സംരക്ഷണം, ചികിത്സ, പുനരധിവാസം, സാമൂഹ്യസുരക്ഷ എന്നിവയ്ക്കായി ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഴി നിലവിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 2016-ലെ The Rights of Persons with Disabilities Act-ൽ ശാരീരികവും മാനസികവുമായ എല്ലാ പരിമിതികളെയും അഡ്രസ് ചെയ്യാനുള്ള വ്യവസ്ഥകളുമുണ്ട്. നിലവിലുള്ള നിയമങ്ങളുടെയും പദ്ധതികളുടെയും പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ആവശ്യമായ അധികസേവനങ്ങൾ നിലവിലുള്ള സംവിധാനങ്ങളിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നതാണ് ഉചിതം. നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ചും ഇത്തരക്കാരുടെ ആജീവനാന്ത സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാൽ ഈ ബിൽ പരിഗണിക്കാൻ നിർവാഹമില്ല.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): നിലവിലെ സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല, നിയമങ്ങളിൽ പോരായ്മകളുണ്ടെങ്കിൽ അവശ്യമായ ഭേദഗതി വരുത്താവുന്നതാണ്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സ്വയം തീരുമാനങ്ങളെടുക്കാൻ ശേഷിയില്ലാത്തതിനാൽ, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഭിന്നശേഷിക്കാർക്കായുള്ള പൊതുവായ നിയമം മാത്രം മതിയാകില്ല. ജനിതക വൈകല്യങ്ങൾമൂലവും മറ്റ് കാരണങ്ങളാലും മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങൾക്കും സാമൂഹിക പ്രത്യാഘാതങ്ങൾക്കും പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിൽ ബുദ്ധിമുട്ടുന്നവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിന് പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. മാതാപിതാക്കളുടെ കാലശേഷം ഈ വിഭാഗത്തിൽപ്പെടുന്നവരുടെ ഭാവി അനിശ്ചിതത്വത്തിലാകുകയാണ്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ ഇത്തരക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചെലവേറിയതാണ്. അതിനാൽ മാനസിക വെല്ലുവിളി നേരിടുന്നവരും ചലനശേഷി നഷ്ടപ്പെട്ടവരുമായ നിരാശ്രയർക്ക് ആജീവനാന്ത സംരക്ഷണം നൽകുന്ന കേന്ദ്രങ്ങൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കണം.

ശ്രീ. കെ. മുരളീധരൻ: അംഗത്തിന്റെ നിർദേശങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ഇതുസംബന്ധിച്ച സമഗ്ര നിയമം സഭയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ: രക്ഷിതാക്കളുടെ അഭാവത്തിൽ ഭിന്നശേഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 'അൻപ് വീട് 'എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളിൽ 18 വയസ് പൂർത്തിയായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായം നൽകുന്നില്ലെന്ന പ്രശ്നത്തിനും പരിഹാരം കാണുന്നതാണ്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: ഭിന്നശേഷിക്കാരായ മക്കൾ നിരാലംബരായി പോകുമെന്ന ഉൾഭയത്താൽ മക്കളെ കൊന്ന് മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

(ചർച്ച തുടരും)

(ii) 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബിൽ

ശ്രീ. ജി. സ്റ്റീഫൻ: 2026-ലെ കേരള കൗമാരപ്രായക്കാരുടെ മാനസികാരോഗ്യ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കൗമാരക്കാർക്ക് വിദ്യാലയങ്ങളിൽ സൈക്കോസോഷ്യൽ കൗൺസലർമാരുടെ സേവനങ്ങൾ ലഭ്യമാണ്. ജില്ലാതലത്തിൽ പരിശീലനം നൽകുന്നത് കൂടാതെ വിദഗ്ധപരിചരണം ആവശ്യമുള്ള കുട്ടികൾക്ക് സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിലുള്ള ടീമിന്റെ സേവനവും ഔഷധങ്ങളും സൗജന്യമായി ലഭിക്കുന്നതാണ്. പ്രാഥമികാരോഗ്യ തലത്തിലെ ഡോക്ടർമാർ, ഹെൽത്ത് വർക്കർമാർ, MLSP, RBSK നഴ്സുമാർ, സ്കൂൾ അധ്യാപകർ എന്നിവർക്ക് കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. എല്ലാ പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും മാനസികാരോഗ്യ ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കണമെന്നതും മാനസികാരോഗ്യ ചികിത്സയിൽ യോഗ്യത നേടിയവരെ നിയമിക്കണമെന്നതുമുൾപ്പെടെയുള്ള ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ല. ഇതേ രൂപത്തിൽ ബില്ലിന് അംഗീകാരം നൽകാൻ സാധിക്കാത്തതിനാൽ മാനസികാരോഗ്യ സംരക്ഷണ ബിൽ പരിഗണിക്കേണ്ടതില്ല.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സംസ്ഥാനത്തെ കൗമാര പ്രായക്കാർക്ക് മാനസികാരോഗ്യ പരിചരണം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട ശാരീരിക-മാനസികാരോഗ്യ ഉയർച്ച കൈവരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ബില്ലാണിത്. മാനസികാരോഗ്യ സംരക്ഷണവും വിദ്യാർഥികളുടെ പഠന തുടർച്ചയും ഉറപ്പാക്കുന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതലകൾക്ക് പുറമെ നിലവിലുള്ള സ്കൂൾ കൗൺസിലിങ്

സംവിധാനവുമായുള്ള ഏകോപനം, പാഠ്യപദ്ധതി സംയോജനം, വിവര സംരക്ഷണം, വിദ്യാലയ പരിശോധന, ഉത്തരവാദിത്വ നിർണ്ണയം, വിഭവ ലഭ്യത എന്നിവയിൽ പരിഷ്കരണവും സമഗ്ര പഠനവും വിദഗ്ധ സമിതികളുടെ വിലയിരുത്തലുകളും ആവശ്യമാകയാൽ നിലവിൽ ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് പ്രായോഗികമല്ല.

ശ്രീ. ജി. സ്റ്റീഫൻ: കൗമാരക്കാരുടെ മാനസികാരോഗ്യ സംരക്ഷണമാണ് ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യം. ഡിജിറ്റൽ യുഗത്തിലെ സമ്മർദവും വെല്ലുവിളികളും നേരിടുന്ന കൗമാരപ്രായക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. കൗമാരക്കാരിൽ ഡിജിറ്റൽ അഡിക്ഷൻ, സോഷ്യൽ മീഡിയ താരതമ്യം, ഉത്കണ്ഠാ-വിഷാദ രോഗങ്ങളുടെ വർധനവ്, കരിയറിനെ സംബന്ധിച്ച ആശങ്കകൾ എന്നിവ വർധിച്ചുവരുന്നുണ്ട്. കൗമാരക്കാർക്കിടയിലെ ലഹരി ഉപഭോഗം മസ്തിഷ്കവളർച്ചയെ ബാധിക്കുകയും അവരെ കടുത്ത മാനസിക സമ്മർദത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവം കേൾക്കാനും മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്ന സമീപനം ഒഴിവാക്കാനും അർഹിക്കുന്ന അംഗീകാരവും പ്രോത്സാഹനവും അവർക്ക് നൽകുന്നതിനും ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താനും രക്ഷാകർത്താക്കൾക്ക് കഴിയണം. വ്യായാമവും വിനോദവും പ്രോത്സാഹിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുക്കണം. കൗമാരപ്രായക്കാർ അഭിമുഖീകരിക്കുന്ന മാനസിക വെല്ലുവിളികൾ പരിഹരിക്കുന്നതിന് സ്കൂളുകളിൽ കൗൺസിലിങ് സേവനങ്ങൾ ശക്തിപ്പെടുത്തണം. ജീവിത നൈപുണ്യ വിദ്യാഭ്യാസവും ലഹരിക്കെതിരായ പ്രതിരോധവും സോഷ്യൽ മീഡിയ/സൈബർ സുരക്ഷാ ബോധവൽക്കരണവും സ്കൂളുകളിൽ നടപ്പാക്കണം. കൗമാരപ്രായക്കാർക്ക് മെച്ചപ്പെട്ട മാനസികാരോഗ്യം ഉറപ്പാക്കുന്ന വിധത്തിലുള്ള നിയമനിർമ്മാണം നടത്തണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): കൗമാരക്കാരുടെ മാനസികാരോഗ്യം കാലികപ്രസക്തിയുള്ള വിഷയമാണ്. ഈ വിഷയത്തിൽ പൊതുചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ് ഉചിതം. ശ്രീ. ജി. സ്റ്റീഫൻ: വളരെയേറെ പ്രാധാന്യമുള്ള വിഷയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച സാഹചര്യത്തിൽ തുടർ ചർച്ച അനുവദിക്കണം.

(ചർച്ച തുടരും.)

(iii) 2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ

ശ്രീ. എൻ. കെ. അക്ബർ: 2026-ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ റോഡുകളിൽ നടപ്പാതകളിലെ അനധികൃത പാർക്കിങ്ങിനെതിരെ നിയമനടപടി സ്വീകരിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ നിശ്ചിത ഇടവേളകളിൽ പോലീസ് പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. റോഡുകളിൽ ഗാർഡ് റെയിലുകൾ സ്ഥാപിക്കാനും പെലിക്കൺ സിഗ്നൽ, ബഡ്ഡി സീബ്രാ ക്രോസിങ് സംവിധാനങ്ങൾ നടപ്പാക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി 'ഓപ്പറേഷൻ വൈറ്റ് കാർപ്പെറ്റ്', 'ട്രാഫിക് ഐ' സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിവരികയാണ്. കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ നടപ്പാതകളിലേക്ക് വളർന്നുനിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ട്രാഫിക് എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ, കൈയേറ്റം ഒഴിപ്പിക്കൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണം, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ആവശ്യമായ സുരക്ഷാ പദ്ധതികളും തുടർനടപടികളും സ്വീകരിച്ചുവരുന്നു. നടപ്പാത ഉപയോഗിക്കുന്ന കാൽനടയാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ബില്ലിന് പ്രസക്തിയില്ല.

ശ്രീ. എൻ. കെ. അക്ബർ: നടപ്പാതകളിൽ സുരക്ഷിതമായി നടക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിനും പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വേണ്ടിയുള്ള ബില്ലാണിത്. കാൽനടയാത്രക്കാർക്ക് തടസ്സമുണ്ടാകുന്ന വിധത്തിൽ നടപ്പാതകളിൽ നിർമ്മിച്ചിട്ടുള്ള കച്ചവടകേന്ദ്രങ്ങൾ, അനധികൃത നിർമ്മാണങ്ങൾ, കെ.എസ്.ഇ.ബി.എൽ. പോസ്റ്റുകൾ, പോലീസ് കേസിൽ പിടിച്ചെടുത്ത വാഹനങ്ങൾ, രാഷ്ട്രീയ-മത-സാമുദായിക സംഘടനകളുടെ ഫ്ലക്സ് ബോർഡുകൾ എന്നിവ ഒഴിവാക്കാനും കാഴ്ച പരിമിതിയുള്ളവർക്ക് നടപ്പാത തിരിച്ചറിയാൻ കഴിയുന്ന

തരത്തിൽ പ്രത്യേക ടൈലുകൾ പതിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബില്ലിന്മേൽ തുടർചർച്ചയുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): പ്രധാന ജങ്ഷനുകളിൽ എട്ടോ ഒമ്പതോ മീറ്റർ വീതിയുള്ള സീബ്രാ ലൈൻ അടയാളപ്പെടുത്തി രണ്ട് വശങ്ങളിലും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചാൽ കാൽനടയാത്രക്കാർക്ക് ഗുണംചെയ്യുന്നതാണ്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആരംഭിക്കുന്ന കേരള റോഡ് സുരക്ഷാ മിഷൻ പദ്ധതിയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ടി ബില്ലിന്റെ ആവശ്യമില്ല.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): റോഡപകടങ്ങളിൽ നല്ലൊരു ശതമാനവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതുകൊണ്ട് സംഭവിക്കുന്നവയാണ്. കാൽനടയാത്രക്കാരാണ് ഇതിന്റെ ഇരകളായി മാറുന്നത്. വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന സാഹചര്യത്തിൽ റോഡ് ഡെവലപ്മെന്റ്, പാർക്കിങ് സൗകര്യം എന്നിവ ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തുടനീളമുള്ള ട്രാഫിക് പാർക്കുകൾ സജീവമാക്കുകയും ട്രാഫിക് നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കുകയും ട്രാഫിക് നിയമങ്ങൾ ലംഘിച്ചാൽ ശക്തമായ നടപടി ഉറപ്പുവരുത്തുകയും ചെയ്യും.

(ചർച്ച തുടരും)

(iv) 2026-ലെ കേരള വയോജനക്ഷേമവും സമഗ്ര വികാസവും ബിൽ

ശ്രീ. കെ. കെ. വത്സരാജ്: 2026-ലെ കേരള വയോജനക്ഷേമവും സമഗ്ര വികാസവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): വയോജനങ്ങൾക്ക് ആരോഗ്യപരമായ സുരക്ഷിതത്വവും ആനന്ദകരമായ വിദ്യാഭ്യാസ-വിനോദ സാഹചര്യങ്ങളും ഉറപ്പുവരുത്തുക എന്ന സദുദ്ദേശ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബിൽ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ഇതിൽ പറയുന്ന കാര്യങ്ങൾ വ്യാപ്തമായ രീതിയിൽ പ്രസ്തുത ബില്ലിലുള്ളതിനാൽ ഈ ബിൽ നിരാകരിക്കാവുന്നതാണ്.

ശ്രീ. കെ. കെ. വത്സരാജ്: മുതിർന്ന പൗരന്മാരെ പരിഗണിക്കാനും സംരക്ഷിക്കാനുമുള്ള കാര്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ബിൽ പരിഗണനയിലാണെന്ന സർക്കാർ നടപടിയെ അഭിനന്ദിച്ചുകൊണ്ട് ഉപക്ഷേപം പിൻവലിക്കുന്നു.

(ഉപക്ഷേപം സഭ നിരാകരിച്ചു)

(v) 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബിൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലുള്ള നാല് വ്യത്യസ്ത പോർട്ടലുകൾ ഏകീകരിച്ച് ഒറ്റ പോർട്ടലാക്കാനും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ സുതാര്യമാക്കാനുമുള്ള പ്രക്രിയയാണ് ഇപ്പോൾ നടക്കുന്നത്. കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് ആട്ടോമാറ്റിക്കായി ലിസ്റ്റ് ജനറേറ്റ് ചെയ്യുന്ന സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. അത് വരുന്നതോടുകൂടി ബില്ലിൽ ഉന്നയിച്ച കാര്യങ്ങളെല്ലാം നടപ്പാക്കാൻ സാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ അടിയന്തര സാഹചര്യത്തിൽ നാട്ടിലേക്ക് തിരിച്ചുപോയാൽ വ്യവസായ-വ്യാപാര മേഖലകൾ സ്തംഭിക്കുന്നത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ബില്ലാണിത്. സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ തദ്ദേശീയരായ യുവാക്കളെ പ്രാപ്തരാക്കുന്നില്ല. സ്വകാര്യ മേഖലകളിലുള്ള എംപ്ലോയർമാർക്ക് തൊഴിലാളികളെ ലഭ്യമാക്കുന്ന വിധത്തിൽ പഞ്ചായത്ത്-ജില്ലാ തലങ്ങളിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ ഏർപ്പെടുത്തി ആവശ്യപ്പെടുമ്പോൾ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാൻ സാധ്യമാകുന്ന സ്ഥിതിയാണ് ഉണ്ടാകേണ്ടത്. ഇത് തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): എംപ്ലോയ്മെന്റ് പോർട്ടലുകൾ സമഗ്രമായി പരിഷ്കരിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് പോർട്ടലുകൾ

ഏകോപിപ്പിച്ച് കാര്യക്ഷമമാക്കാനുള്ള പ്രക്രിയ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന് പ്രസക്തിയില്ല.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.28-ന് പിരിഞ്ഞു.)